(ഇ) ഓരോ വർഷത്തെയും ടൂറിസ്റ്റുകളുടെ സന്ദർശനത്തിലെ കണക്കുകൾ മുകളിൽ കൊടുത്തിരിക്കുന്നു. യു. കെ., ഫ്രാൻസ്, അമേരിക്ക, മാലിദ്വീപ്, ജർമ്മനി എന്നിവിടങ്ങളിൽ നിന്നാണ് ടൂറിസ്റ്റുകൾ കൂടുതലായി വരുന്നത്.

(എഫ്) കേരളത്തിലെത്തുന്ന വിനോദസഞ്ചാരികൾക്ക് ടൂറിസം വകുപ്പിന്റെ കീഴിലുള്ള ടൂറിസ്റ്റ് ഇൻഫർമേഷൻവഴി ആവശ്യമായ വിവരങ്ങളും നിർദ്ദേശങ്ങളും വകുപ്പ് പ്രസിദ്ധീകരിക്കുന്ന ലഘുലേഖകളും, പ്രസിദ്ധീകരണങ്ങളും നൽകിവരുന്നുണ്ട്. കൂടാതെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ടൂറിസം പോലീസിന്റെ സേവനം പ്രയോജനപ്പെടുത്തുന്നുണ്ട്.

(ജി) കേരളത്തിലെ സാംസ്ക്കാരിക തനിമയും, പാരമ്പര്യവും നിലനിറുത്തിക്കൊണ്ട് പല പരിപാടികൾ സംഘടിപ്പിച്ചും, പരമ്പരാഗതമായ ഉത്സവങ്ങൾ കാണുന്നതിനും, ഗൃഹസ്ഥലി, ഹോംസ്റ്റേ എന്നീ പദ്ധതികളും വിനോദസഞ്ചാരികൾക്കായി ഒരുക്കിയിട്ടുണ്ട്.

തൃശ്ശൂർ ജില്ലയിൽ ടൂറിസം അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാൻ നടപടി

43 [5419] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ ടൂറിസം അടിസ്ഥാന സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിനായി ടൂറിസം വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയുടെ വിശദാംശങ്ങൾ എന്തൊക്കെയാണ്;

(ബി) റോഡുകളുടെ വികസനം ഈ പദ്ധതിയുടെ മുഖ്യ ഉദ്ദേശ്യങ്ങളിലൊന്നാണോ;

(സി) ജില്ലയിലെ വിവിധ മണ്ഡലങ്ങളിലെ പ്രധാന പദ്ധതികൾ എന്തൊക്കെയാണ് ഈ പ്രോജക്ടിൽ ഉൾപ്പെടുത്തുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ചേർപ്പ് നിയോജകമണ്ഡലത്തിൽനിന്ന് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വർക്കുകൾ ഏതൊക്കെയാണ്;

(ഇ) ഈ പദ്ധതിയുടെ നടത്തിപ്പിനായി തെരഞ്ഞെടുത്തിട്ടുള്ള കൺസൾട്ടൻസി ഏതാണ്;

(എഫ്) ഈ പദ്ധതിയുടെ ഫീസ് എപ്രകാരമാണ് നിശ്ചയിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) തൃശ്ശൂർ ജില്ലയിൽ ടൂറിസം അടിസ്ഥാന സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിനായി ടൂറിസം വകുപ്പ് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുവേണ്ടി ഡൽഹിയിലുള്ള കൺസൾട്ടിംഗ് എഞ്ചിനീയറിംഗ് സർവ്വീസ് ലിമിറ്റഡ് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി സ്ഥാപനം പഠനം നടത്തിവരികയാണ്.

(ബി) അതെ.

(സി, ഡി) മാസ്റ്റർ പ്ലാൻ തയ്യാറാക്കി ലഭിച്ചതിനുശേഷമേ പദ്ധതികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്താനാവുകയുള്ളൂ.

(ഇ) കൺസൾട്ടിംഗ് എഞ്ചിനീയറിംഗ് സർവ്വീസ്, ന്യൂഡൽഹി.

(എഫ്) ആകെ 10,29,000 രൂപ.

LIBRARY ARCHIVES Kerala Legislative Assembly